**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 - മരട് നഗരസഭ - ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം മരടിൽ അനധികൃതമായി നിർമ്മിച്ചിരുന്ന ഫ്ലാറ്റ് സമുച്ചങ്ങൾ പൊളിച്ചതിനുള്ള തുക മാറുന്നതിന് ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ – ട്രഷറി ക്യൂവിലായത് - തീർപ്പാക്കുന്നതിന് പൊതു ആവശ്യ ഫണ്ടിൽ നിന്നും തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 3281/2020/ധന തീയതി, തിരുവനന്തപുരം, 29 മേയ് 2020

---

പരാമർശം.
1) SLP(C) 4784-4785/2019 മേലുള്ള ബഹു. സുപ്രീം കോടതിയുടെ 06/09/2019 ലെ വിധി ന്യായം.
2) സ.ഉ.(സാധാ) നം. 2432/2020/ധനതീയതി: 23/03/2020.
3) മരട് നഗരസഭ സ്പെഷ്യൽ സെക്രട്ടറിയുടെ 12/05/2020 ലെ E5-2415/2016 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. സുപ്രീം കോടതിയുടെ പരാമർശം (1)-ലെ അന്തിമ വിധി പ്രകാരം മരട് നഗരസഭയുടെ പരിധിയിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചതിനുള്ള ബില്ലുകൾ തീർപ്പാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ നിന്നും ₹2,74,72,430/- രൂപ പരാമർശം (2) ലെ ഉത്തരവ് പ്രകാരം മരട് നഗരസഭക്ക് അനുവദിച്ചിരുന്നു.

2) മേൽ തുകയ്ക്കുള്ള ബില്ലുകൾ ട്രഷറിയിൽ 31/03/2020 ന് ഓൺലൈനായി സമർപ്പിച്ചെങ്കിലും കോവിഡ്-19 ലോക്ക് ഡൗൺ കാരണം അന്നേ ദിവസം തന്നെ ബില്ലിന്റെ അസ്സൽ ട്രഷറിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ലായെന്നും ക്യൂവിലുൾപ്പെടുത്തപ്പെട്ട ബിൽ തുക മാറുന്നതിന് നടപടി സ്വീകരിക്കണമെന്നും മരട് നഗരസഭ സ്പെഷ്യൽ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മരടിൽ അനധികൃതമായി നിർമ്മിച്ചിരുന്ന ഫ്ലാറ്റ് സമുച്ചങ്ങൾ പൊളിച്ചതിനുള്ള ബില്ലുകൾ തീർപ്പാക്കുന്നതിന് 2020-21 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-88-(02)- NP' എന്ന ശീർഷകത്തിൽ നിന്നും **₹2,74,72,430/- രൂപ** [ രണ്ട് കോടി എഴുപത്തിനാല് ലക്ഷത്തി

എഴുപത്തിരണ്ടായിരത്തി നാനൂറ്റി മുപ്പത് രൂപ മാത്രം] മരട് നഗരസഭക്ക് **(M071100)** അധിക ധനാനുമതിയായി പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, മരട് നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*ഇ-1501898*)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

*for* സെക്ഷൻ ഓഫീസർ